വിമാനത്താവളങ്ങളെ അന്താരാഷ്ട്ര ഹബ്ബിന്റെ പേരിൽ തരംതിരിക്കാനുള്ള നീക്കം

142 (147) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളെ അന്താരാഷ്ട്ര ഹബ്ബിന്റെ പേരിൽ തരംതിരിക്കാനുള്ള നീക്കം നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിന്റെ ഭാവിയെ ഏത് നിലയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആഭ്യന്തര വിമാന സർവ്വീസ് മാത്രം നടത്തി കണ്ണൂർ വിമാനത്താവള പദ്ധതി ലാഭകരമാക്കാൻ കഴിയുമോ പതിനായിരക്കണക്കായ ഗൾഫ് യാത്രക്കാരെ, നിർദ്ദിഷ്ട കണ്ണൂർ എയർപോർട്ടിൽ നിന്നും അകറ്റി, ബാംഗ്ലൂർ എയർപോർട്ടിലേക്ക് നയിക്കുന്ന കേന്ദ്ര നീക്കത്തിൽ, ഗൾഫ് മലയാളികളും എയർപോർട്ട് കമ്പനിയുടെ ഓഹരി ഉടമകളും കടുത്ത ആശങ്കയിലാണെന്നറിയാമോ;

(സി) ഗൗരവതരമായ ഈ പ്രവർത്തനത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; ഇന്റർ നാഷണൽ ഹബ്ബിൽ കൊച്ചി വിമാനത്താവളത്തെ മാത്രം ഉൾപ്പെടുത്തിയാൽ മതിയെന്ന സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം കണ്ണൂർ ഉൾപ്പെടെയുള്ള എയർപോർട്ടുകളെ അവഗണിക്കുന്നതാണെന്നറിയാമോ?

ഉത്തരം

(എ) കേന്ദ്ര വ്യോമയാന മന്ത്രാലയം 10-11-2014-ൽ പുറപ്പെടുവിച്ച കരട് സിവിൽ ഏവിയേഷൻ പോളിസിയിൽ രാജ്യത്തെ ആറ് മെട്രോപൊളിറ്റൻ എയർപോർട്ടുകളായ ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂരു, ഹൈദരാബാദ് എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

(ബി&സി) കരട് വ്യോമയാന നയത്തിൽ രാജ്യത്തെ മെട്രോപൊളിറ്റൻ വിമാനത്താവളങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാലും സിയാൽ യാത്രികരുടെ എണ്ണത്തിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും ഉയർന്ന നിലവാരം പുലർത്തുന്നതിനാലുമാണ് സംസ്ഥാനത്തെ ഒരു വിമാനത്താവളമെങ്കിലും International Hub category-യിൽ വരണമെന്ന കാഴ്ചപ്പാടിൽ സംസ്ഥാനത്തെ പ്രമുഖ വിമാനത്താവളമായ സിയാലിന്റെ കാര്യം സർക്കാർ ആവശ്യപ്പെട്ടത്. സംസ്ഥാനത്തെ മറ്റ് വിമാനത്താവളങ്ങളെ അവഗണിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly